## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 393 — 27.06.2013 ൽ മറുപടിക്ക്

### സപ്ലൈകോയുടെ കമ്പോള ഇടപെടൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ:<br>ശ്രീ. എ. കെ. ബാലൻ:<br>ശ്രീ. ജെയിംസ് മാത്യു:<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |

(എ) അവശ്യ സാധനങ്ങളുടെ വില ഉയരുന്ന സ്ാഹചര്യത്തിൽ കമ്പോള ഇടപെടലിനായി സപ്ലൈകോയെ ഏത് വിധത്തിലാണ് സജ്ജമാക്കിയിട്ടുളളത്;

(എ) കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന വിള നാശം, കാലാവസ്ഥാ വ്യതിയാനം, ഇന്ധനവില വർദ്ധനവ്, സർക്കാർ നിശ്ചയിച്ചിട്ടുള്ള തറവിലയിലുള്ള വർദ്ധനവ് തുടങ്ങിയ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധന ഉണ്ടാകാറുണ്ട്.

വിപണിയിലുണ്ടാകുന്ന വിലവർദ്ധന നിയന്ത്രിക്കുന്നതിനായും അതുവഴി പൊതു ജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റിടപെടൽ ശക്തിപ്പെടുത്തി. ഇതനുസരിച്ച്

1) നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം ആവശ്യ സാധനങ്ങൾ താഴെ പറയുന്ന വിലയിൽ സപ്ലൈകോ വക മാവേലി / സൂപ്പർ മാർക്കറ്റുകൾ വഴി വിറ്റുവരുന്നു.

| ക്രമ നമ്പർ | ഇനം | വില കി. ഗ്രാമിന് |
|---|---|---|
| 1 | ചെറുപയർ | 49.00 |
| 2 | ഉഴുന്ന് | 36.00 |
| 3 | വൻകടല | 44.00 |
| 4 | വൻപയർ | 26.50 |
| 5 | തുവരപ്പരിപ്പ് | 34.00 |
| 6 | മുളക് | 45.00 |
| 7 | മല്ലി | 45.80 |
| 8 | പഞ്ചസാര | 25.00 |
| 9 | ജയ അരി | 21.00 |
| 10 | കുറുവ അരി | 19.00 |
| 11 | മട്ട അരി | 16.00 |
| 12 | പച്ചരി സോർട്ടക്സ് | 16.00 |
| 13 | വെളിച്ചെണ്ണ | 62.00 |

2) പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട, പച്ചരി) കി.ഗ്രാമിന് 16 രൂപ നിരക്കിലും ജയ അരി 21 രൂപ നിരക്കിലും കുറുവ അരി 19 രൂപ നിരക്കിലും പ്രതിമാസം കാർഡ് ഒന്നിന് 20 കി.ഗ്രാം വരെ വിതരണം ചെയ്തുവരുന്നു.

കൂടാതെ OMSS പ്രകാരം പുഴുക്കലരി 19.50 പച്ചരി 21 രൂപ നിരക്കിലും വിതരണം ചെയ്തുവരുന്നു.

3) കൂടുതൽ വിൽപ്പന ശാലകൾ വഴി മിതമായ വിലക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനു പുറമേ ആദിവാസി/ തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 14 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു.

4) യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യുന്നു.

5) ഗോതമ്പുപൊടിയുടെ വിലവർദ്ധന തടയുവാനായി സപ്ലൈകോ വിൽപ്പന ശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തിവരുന്നു.

6) എ.ആർ.ഡി. ശബരി സ്റ്റോറുകൾ തീരമൈത്രി സൂപ്പർമാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു.

7) അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും ശരാശരി 10 -30 % വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

8)പൊതു വിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറി പൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി, ഏലം എന്നിവ ' ശബരി ' എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

9) ഉത്സവ കാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തി വരുന്നു.

ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് കൂടുതൽ സ്റ്റോക്ക് എത്തിച്ച്

വിലവർദ്ധന ഉണ്ടാകുന്ന എല്ലാ സാഹചര്യവും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നു.

വില വിലവർദ്ധനവ് നിയന്ത്രിക്കുന്നതിലേക്ക് 2011 -12 വർഷം 118.35 കോടി രൂപയും 2012-13 സാമ്പത്തിക വർഷം 130 കോടി രൂപയും ഈ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. തുക മുഴുവനായും ടി ഇനത്തിൽ ചെലവാ◌ക്കുകയും വിലവർദ്ധനവ് ഒരു പരിധിവരെ നിയന്ത്രിക്കുവാനും കഴിഞ്ഞിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ മാർക്കറ്റിടപെടൽ പദ്ധതിക്ക് 60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) സപ്ലൈകോയ്ക്ക് സബ്സിഡി കുടിശ്ശികയിനത്തിൽ എന്ത് തുകയാണ് നൽകാനുള്ളത്;

(ബി) സപ്ലൈകോയ്ക്ക് സബ്സിഡി കുടിശ്ശികയിനത്തിൽ 2013-14 വരെ 397.21 കോടി രൂപ നൽകാനുണ്ട്.

| വർഷം | ക്ലെയിം (കോടിയിൽ) | ഗ്രാന്റ് (കോടിയിൽ) | കുടിശ്ശിക (കോടിയിൽ) |
|---|---|---|---|
| 2008-09 | 136.22 | 105.00 | 31.22 |
| 2009-10 | 206.33 | 83.00 | 123.33 |
| 2010-11 | 118.81 | 76.31 | 42.50 |
| 2011-12 | 164.96 | 118.35 | 46.61 |
| 2012-13 | 288.55 | 135.00 | 153.55 |
| ആകെ | 914.87 | 517.66 | 397.21 |

(സി) ഇതുകാരണം സപ്ലൈകോയ്ക്ക് സാമ്പത്തിക പരാധീനയുണ്ടോ; ഇത് കമ്പോളത്തിൽ വേണ്ടവിധത്തിൽ ഇടപെടാൻ കോർപ്പറേഷന് കഴിയാത്ത ഒരവസ്ഥ ഉണ്ടാക്കിയിട്ടുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ?

(സി) കുടിശ്ശിക യഥാസമയം കിട്ടാത്തതുകൊണ്ട് സപ്ലൈകോയ്ക്ക് ഒരു പരിധി വരെ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും ഇതു മൂലം കമ്പോളത്തിൽ യഥാസമയം വേണ്ട വിധത്തിൽ കോർപ്പറേഷന് ഇടപെടാൻ കഴിയാത്ത ഒരു അവസ്ഥ ഉണ്ടായിട്ടില്ല.

Beenan

സെക്ഷൻ ഓഫീസർ